(12.00 Noon)

12. പൂന്താനം സ്മാരക യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്തൽ

ശ്രീ. എം. ഉമ്മർ : സർ, 1969-ൽ അങ്ങയുടെ പ്രഗത്ഭനായ മുൻഗാമി മഹാനായ സി.എച്ച്. മുഹമ്മദ്കോയ സാഹിബ്, മഹാകവി പൂന്താനത്തിന്റെ ജന്മസ്ഥലമായ പൂന്താനത്ത് അദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു യു.പി.സ്കൂൾ സ്ഥാപിക്കുകയുണ്ടായി. ഇത് പതിമൂന്ന് അദ്ധ്യാപകരടക്കം നാനൂറിലധികം കുട്ടികൾ പഠിക്കുന്ന ഒരു യു.പി.സ്കൂൾ ആണ്. മൂന്നേക്കർ സ്ഥലവും മൂന്ന് കെട്ടിടവും സ്കൂളിന് സ്വന്തമായിട്ടുണ്ട്. ആ സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നാണ് പൂന്താനം സ്മാരകസമിതിയുടെ ആഗ്രഹം. പൂന്താനം സ്മാരകസമിതിയുടെ പ്രസിഡന്റ് കോൺഗ്രസ്സുകാരനും സെക്രട്ടറി സി.പി.എം.കാരനുമാണ്. കൂടാതെ മറ്റ് കക്ഷി രാഷ്ട്രീയത്തിൽ വിശ്വസിക്കുന്നവരും ഈ സമിതിയിൽ അംഗങ്ങളാണ്. പൂന്താനം സ്മാരക സമിതിയുടെ ആവശ്യം എയ്ഡഡ് സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനു വേണ്ടിയല്ല. ആ സ്ഥലവും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളും ഗവൺമെന്റിന് കൈമാറാൻ അവർ തയ്യാറാണ്. അതുകൊണ്ട് ഈ സ്ഥലവും സ്ഥാവര ജംഗമ വസ്തുക്കളും ഏറ്റെടുത്ത് ഒരു ഗവൺമെന്റ് ഹൈസ്കൂളാക്കി അപ്ഗ്രേഡ് ചെയ്യണമെന്നതാണ് അവരുടെ ആവശ്യം. അഞ്ചുകിലോമീറ്റർ ചുറ്റളവിൽ വേറെ സ്കൂളുകൾ ആ പ്രദേശത്തില്ല. അതുകൊണ്ട് എല്ലാ അർത്ഥത്തിലും ഒരു ഹൈസ്കൂളായി അംഗീകരിക്കപ്പെടേണ്ട സ്ഥാപനമായതിനാൽ അതിനെ അംഗീകരിക്കണം. മഹാകവി പൂന്താനത്തെ നമുക്ക് വിസ്മരിക്കാൻ കഴിയില്ല.

"കൂടിയല്ല പിറക്കുന്ന നേരത്തും
കൂടിയല്ല മരിക്കുന്ന നേരത്തും
മധ്യേയിങ്ങനെ കാണുന്ന നേരത്ത്
മത്സരിക്കുന്നതെന്തിന്ന് നാം വൃഥാ'

തുടങ്ങി നിരവധി കവിതകൾ അനശ്വരമാക്കിയ മഹാകവിയുടെ സ്മാരകമായി ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അത് കേരളാ ഗവൺമെന്റിന് അഭിമാനവും വിദ്യാഭ്യാസ വകുപ്പിന് ഒരു അലങ്കാരവുമായിരിക്കും. ഇക്കാര്യം പൂന്താനം സ്മാരക സമിതി നേരിട്ട് അറിയിച്ചതാണ്. അതുകൊണ്ട് ഈ സ്കൂളിനെ ഒരു ഹൈസ്കൂളായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 1960-ൽ രൂപീകരിക്കപ്പെട്ട പൂന്താനം സ്മാരക സമിതിയാണ് മലപ്പുറം ജില്ലയിലെ കീഴാറ്റൂർ പൂന്താനം സ്മാരക എയ്ഡഡ് അപ്പർ പ്രൈമറി വിദ്യാലയം സ്ഥാപിച്ചത്. സ്കൂളിന് ഒരേക്കർ സ്ഥലമുണ്ട്. ഈ സ്കൂളിൽ നിലവിൽ അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിലായി 278 വിദ്യാർത്ഥികൾ പഠിക്കുന്നു. പ്രധാന അദ്ധ്യാപകൻ ഉൾപ്പടെ പതിമൂന്ന് അദ്ധ്യാപകരും ഒരു അനദ്ധ്യാപക ജീവനക്കാരനും ഈ സ്കൂളിൽ ജോലി നോക്കി വരുന്നു. വേണ്ടത്ര സാഹചര്യങ്ങളോടുകൂടിയ ക്ലാസ്സ് മുറികൾ, കമ്പ്യൂട്ടർ ലാബ്, സ്കൂൾ ലൈബ്രറി, യാത്രാസൗകര്യത്തിനായി സ്കൂൾ ബസ്, വൈദ്യുതി, കുടിവെള്ള സൗകര്യം എന്നിവയോടുകൂടി യാതൊരു പരാതിക്കും ഇടയില്ലാത്ത രീതിയിൽ ഈ സ്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ഭൂരിഭാഗവും നിർദ്ധന വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളാണ് അവിടെ പഠിക്കുന്നത്. ഇവർക്ക് സ്കൂൾ മാനേജ്മെന്റ് സൗജന്യ യൂണിഫോം നൽകിവരുന്നു. സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ച് പൂന്താനം സംരക്ഷണസമിതി ജനറൽ സെക്രട്ടറി സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ മലപ്പുറം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിരിക്കുകയാണ്. വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ താമസംവിനാ തീരുമാനം കൈക്കൊള്ളുന്നതാണ്.

13. സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യൽ

ശ്രീ. സി. മമ്മൂട്ടി : സർ, സംസ്ഥാനത്തെ വിദ്യാഭ്യാസരംഗവും വിദ്യാഭ്യാസ നിലവാരവും ഉന്നത വിദ്യാഭ്യാസരംഗവും വികാസം പ്രാപിച്ചപ്പോഴും പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൽ.പി.സ്കൂൾ ഇവയൊക്കെ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യണമെന്ന് പറയേണ്ടിവരുന്നതലത്തിലേയ്ക്ക് എത്തിനിൽക്കുന്നത് നമുക്ക് നാണക്കേടാണ്. ഒരു ഭാഗത്ത് അൺഇക്കണോമിക് ആണെന്ന് പറഞ്ഞ് സ്കൂളുകൾ അടച്ചുപൂട്ടുമ്പോൾ പിന്നോക്ക മലയോര മേഖലയിൽ നിയമസഭാസമിതി നടത്തിയ പര്യടനത്തിൽനിന്ന് മനസ്സിലാക്കിയ സത്യങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അഞ്ച് കിലോമീറ്ററിനുള്ളിൽ ഹൈസ്കൂളും, മൂന്ന് കിലോമീറ്ററിനുള്ളിൽ യു.പി.സ്കൂളും ഒരു കിലോമീറ്ററിനുള്ളിൽ എൽ.പി. സ്കൂളുമെന്ന വിദ്യാഭ്യാസ അവകാശനിയമം നിലവിൽവന്നു. പക്ഷേ ആവശ്യത്തിന് അദ്ധ്യാപകരുണ്ട്, പല പ്രദേശത്തുനിന്നും അനേകം കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകൾ യു.പി. ആയി ഉയർത്താത്തതുകാരണം കുട്ടികൾക്ക് ഏഴും എട്ടും കിലോമീറ്റർ സഞ്ചരിക്കേണ്ടതായി വരുന്ന സ്കൂളുകളുണ്ടെന്ന് നേരിട്ട് ബോധ്യപ്പെട്ടിട്ടുണ്ട്. അങ്ങനെയുള്ള സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly